**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2694** **02-08-2021 - ൽ മറുപടിയ്ക്ക്**

**റീസർവ്വേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **Shri. K. Rajan**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | ആലപ്പുഴ ജില്ലയിൽ റീസർവ്വേ അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | റീസർവ്വേ നടക്കുന്നതിൽ തന്നെ പാകപ്പിഴകൾ വരുന്നത് പൊതുജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | റീസർവ്വേ അപേക്ഷകൾ വേഗത്തിൽ തീർപ്പ് കൽപ്പിക്കാനും പാകപ്പിഴകൾ ഒഴിവാക്കുന്നതിനും വകുപ്പ് സ്വീകരിക്കുന്ന നടപടികളെ കുറിച്ച് വിശദമാക്കാമോ? | (സി) | റീസർവ്വെ അപാകത സംബന്ധിച്ച അപേക്ഷകൾ നിലവിലുള്ള സർക്കാർ ഉത്തരവിനുവിധേയമായി മുൻഗണനാക്രമം പാലിച്ചാണ് തീർപ്പുകൽപ്പിച്ചു വരുന്നത്. ടി അപേക്ഷകൾ തീർപ്പുകൽപ്പിക്കുന്നതിന് സ്ഥലപരിശോധന അനിവാര്യമാണ്. കുട്ടനാട് പോലുള്ള താലൂക്കുകളിൽ നിലങ്ങളും തണ്ണീർത്തടങ്ങളും കൂടുതൽ ഉള്ളതിനാൽ കാലാവസ്ഥയ്ക്കനുസൃതമായി വെള്ളം കയറുമ്പോഴും കൃഷി നടക്കുന്ന സമയങ്ങളിലും സ്ഥല പരിശോധന നടത്തി തീർപ്പുകൽപ്പിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്. കൂടാതെ കോവിഡ്-19 മഹാമാരിയും ഇത്തരത്തിലുള്ള കാലതാമസത്തിന് ആക്കം കൂടിയിട്ടുണ്ട്. എന്നിരുന്നാലും നിലവിലുള്ള സർവ്വേയർമാരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് ടി അപേക്ഷകൾ അടിയന്തിരമായി തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ